# പതിമൂന്നാം കേരള നിയമസഭ

## (പതിമൂന്നാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1867 17/03/2015-ൽ മറുപടിയ്ക്ക്**

## മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് യഥാസമയം സ്റ്റൈപ്പന്റ്.

| ചോദ്യം<br>ശ്രീ. എസ്. ശർമ്മ: | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|
| (എ) മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് യഥാസമയം സ്റ്റൈപ്പന്റ് ലഭ്യമാക്കുന്നതിന് സർക്കാർ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; | (എ) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യം അനുവദിച്ചു നൽകുന്നതിനായി 2014-15 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് ശീർഷകത്തിൽ 9 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. എന്നാൽ 2012-13, 2013-14 എന്നീ വർഷങ്ങളിലെ കുടിശ്ശികയും ഈ സാമ്പത്തിക വർഷം അധികം വേണ്ടതായ തുകയും കൂടി ആകെ 20.56 കോടി രൂപ കൂടി അധികമായി അനുവദിച്ചു നൽകണമെന്ന് ജില്ലാ ഓഫീസർമാർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ SDG യിൽ 15 കോടി രൂപ കൂടി അനുവദിച്ചു നൽകുകയുമുണ്ടായി. ഈ സാമ്പത്തിക വർഷത്തിൽ ആകെ അനുവദിച്ച 24 കോടി രൂപ കുടിശ്ശിക ഉൾപ്പെടെ തീർക്കുന്നതിന് ജില്ലാ ഓഫീസർമാർക്ക് അനുവദിച്ച് നൽകിയ തുക അവർ വിതരണം ചെയ്തു വരുന്നു. 2015-16 സാമ്പത്തിക വർഷം മുതൽ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യ വിതരണത്തിനായി ഇ-ഗ്രാന്റ് പദ്ധതി നടപ്പിലാക്കുന്നതിനായി അടിയന്തര നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | ഈ സർക്കാർ വന്ന ശേഷം ഏതൊക്കെ സാമ്പത്തിക വർഷത്തിലായി എത്ര രൂപയാണ് കുടിശ്ശിക ഇനത്തിൽ വിതരണം ചെയ്യാനുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | 2012-13 വർഷത്തിലെ കുടിശ്ശിക - 1.70 കോടി രൂപ, 2013-14 വർഷത്തിലെ കുടിശ്ശിക 12.66 കോടി രൂപ. 2014-15 സാമ്പത്തിക വർഷത്തിൽ മുൻവർഷങ്ങളിലെ കുടിശ്ശിക ഉൾപ്പെടെ നൽകുന്നതിന് 24 കോടി അനുവദിക്കുകയുണ്ടായി. 2012-13, 2013-14 വർഷങ്ങളിലെ കുടിശ്ശിക ഈ വർഷം ജില്ലകളിൽ വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | അർഹരായ മുഴുവൻ വിദ്യാർത്ഥികൾക്കും ആനുകൂല്യം നൽകുന്നതിന് ആവശ്യമായി വരുന്ന തുക എത്രയെന്നും തുക ലഭ്യമാക്കുന്നതിന് സർക്കാർ സ്വീകരിച്ചിരിക്കുന്ന നടപടിയെന്തെന്നും വ്യക്തമാക്കുമോ? | (സി) | മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നതിനായി ഏകദേശം 15-20 കോടിയോളം രൂപ ആവശ്യമായി വരുന്നതാണ്. 2015-16 സാമ്പത്തിക വർഷത്തിൽ 20 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ആഫീസർ